**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 625** **17-09-2025 - ൽ മറുപടിയ്ക്ക്**

**കിനാലൂർ കെ.എസ്.ഐ.ഡി.സി. ബാലുശ്ശേരി ഗവണ്മെന്റ് കോളജ് റോഡ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കിനാലൂർ കെ.എസ്.ഐ.ഡി.സി.യുടെ റോഡ് നവീകരണത്തിന് ഫണ്ട് അനുവദിച്ചിട്ടും റോഡ് നവീകരണ പ്രവൃത്തി പൂർത്തിയാക്കാൻ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. റോഡ് നിർമ്മാണ പ്രവൃത്തി നടക്കുന്ന സമയത്തുണ്ടായ പ്രാദേശിക പ്രശ്നങ്ങൾ കാരണം വർക്ക് മുടങ്ങിയിരുന്നു. പുതിയ ടെൻഡർ വിളിച്ച് 20.05.2025-ന് വർക്ക് സൈറ്റ് കോൺട്രാക്ടർക്ക് കൈമാറിയെങ്കിലും കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പിടൽ പ്രവർത്തിയും മഴയും കാരണം റോഡ് പണിയാൻ കാലതാമസം വന്നിരുന്നു. നിലവിൽ സൈറ്റിൽ റോഡ് പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. |
| (ബി) | ബാലുശ്ശേരി ഗവ. കോളജിലേയ്ക്കുള്ളതും കെ.എസ്.ഐ.ഡി.സി.യുടെ ഉടമസ്ഥതയിലുള്ളതുമായ ഇന്റേണൽ റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) | ബാലുശ്ശേരി ഗവ. കോളജിലേയ്ക്കുള്ളതും കെ.എസ്.ഐ.ഡി.സി ഇന്റേണൽ റോഡിന്റെ പ്രവൃത്തി സൈറ്റിൽ ഇതിനകം ആരംഭിച്ചിട്ടുള്ളതും ആയത് വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ